# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: *138 — 12.07.2016-ൽ മറുപടിയ്ക്ക്

**അധികാര വികേന്ദ്രീകരണ, ജനാധിപത്യ ശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളത്തിന് ലഭിച്ച അംഗീകാരങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | മുൻ സർക്കാറിന്റെ കാലത്ത് അധികാര വികേന്ദ്രീകരണ, ജനാധിപത്യ ശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളം ദേശീയ തലത്തിൽ ഒന്നാമത് എത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാന സർക്കാരുകൾ പഞ്ചായത്തീരാജിന്റെ ശാക്തീകരണത്തിൽ പുലർത്തുന്ന ശ്രദ്ധാന്തി വിലയിരുത്തുന്നതിനും അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം 2005-06 മുതലാണ് അവാർഡും ഗ്രാന്റും ഏർപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ കണക്കിലെടുത്ത് 2009-10, 2010-11 വർഷങ്ങളിൽ കേരളത്തിന് ഈ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 2014-15, 2015-16 വർഷങ്ങളിലും കേരളം ഈ നേട്ടം നിലനിർത്തി. |
| (ബി) | ഏതെല്ലാം തരം പ്രവർത്തനങ്ങൾക്കാണ് കേരളത്തിന് ദേശീയ തലത്തിൽ അംഗീകാരങ്ങൾ ലഭിച്ചതെന്ന് വിശദമാക്കുമോ; | (ബി) | പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പ്, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ പിരിച്ചുവിടാനോ മാറ്റാനോ ഉള്ള നിയമം, ജില്ല പ്ലാനിംഗ് കമ്മിറ്റിയുടെ ഘടന, അവയുടെ പ്രവർത്തനം,പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെ പ്രവർത്തനം, പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള അധികാരത്തിന്റെ വ്യാപ്തി, കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിൽ പഞ്ചായത്തുകളുടെ പങ്ക്, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ രൂപീകരണം അവയുടെ റിപ്പോർട്ടിന്മേൽ എടുത്ത നടപടികൾ, സംസ്ഥാന ബഡ്ജറ്റിൽ നിന്നും പഞ്ചായത്തുകൾക്ക് കൈമാറുന്ന ഫണ്ടിന്റെ അളവ്, ടാക്സ്, ഡ്യൂട്ടി തുടങ്ങി തനതുവരുമാനം |

| | | | |
|---|---|---|---|
| | • | | സ്വരൂപിക്കുന്നതിനുള്ള പഞ്ചായത്തുകളുടെ അധികാരം, പഞ്ചായത്തുകളുടെ ചെലവ്, പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ്, ആഡിറ്റ് സംവിധാനങ്ങൾ, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുള്ള വ്യവസ്ഥ, ഗ്രാമസഭകളുടെ പ്രവർത്തനം, പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനം, പഞ്ചായത്തുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പഞ്ചായത്തുകളിൽ ലഭ്യമായ ഉദ്യോഗസ്ഥന്മാരുടെ എണ്ണം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകുന്ന പരിശീലനം, പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം, പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ആധുനികവത്കരണം തുടങ്ങിയ മേഖലകളിൽ കൈവരിച്ച മികവ് കണക്കിലെടുത്താണ് കേരളത്തിനു അവാർഡ് ലഭിച്ചത്. |
| (സി) | ഇതു ലഭിക്കാൻ ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | അനിവാര്യ ചുമതലകൾ, വിഭവങ്ങൾ, ജീവനക്കാർ എന്നിവയ്ക്കൊപ്പം വ്യക്തമായ ചട്ടക്കൂടും തയ്യാറാക്കിയ സംസ്ഥാനങ്ങളെ തെരഞ്ഞെടുക്കുകയായിരുന്നു ആദ്യ ഘട്ടത്തിൽ. തുടർന്ന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണപദ്ധതികളും വിഭവകൈമാറ്റവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലോകത്തിലെ തന്നെ മികച്ച അധികാര വികേന്ദ്രീകരണ സ്ഥാപനങ്ങളാക്കി മാറ്റി. 2014-15 വർഷങ്ങളിൽ നടത്തിയ അന്തർദേശീയ സെമിനാറുകളും ഈ രംഗത്ത് ശ്രദ്ധേയ ചലനങ്ങളുണ്ടാക്കി. |

Priya

സെക്ഷൻ ഓഫീസർ